പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1239 **15-10-2026-ൽ മറുപടിയ്ക്ക്**

കെ-ടെറ്റ് നിർബന്ധമാക്കിയതുമൂലം സർവീസ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കഴിമണ്ണിൽ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സ്കൂൾ അധ്യാപക നിയമനത്തിന് കെ-ടെറ്റ് നിർബന്ധിത യോഗ്യതയാക്കിക്കൊണ്ടുള്ള ബഹു. സുപ്രീം കോടതി വിധി നിലവിൽ വന്ന സാഹചര്യത്തിൽ, പ്രസ്തുത വിധിക്ക് മുൻപ് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ പി. എസ്. സി. മുഖാന്തിരവും എയ്ഡഡ് മാനേജ്മെന്റുകൾ വഴിയും സർവീസിൽ പ്രവേശിച്ച അധ്യാപകരുടെ സർവീസ് റെഗുലറൈസേഷൻ, പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ തടസ്സപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്

(ബി) നിയമന സമയത്തു അംഗീകൃത യോഗ്യത ഉണ്ടായിരുന്നിട്ടും ഭിന്നശേഷി സംവരണ റോസ്റ്റർ ക്രമീകരണത്തിലെ കാലതാമസ കാരണങ്ങളാൽ നിയമന അംഗീകാരവും റെഗുലറൈസേഷനും വൈകിയ അധ്യാപകർക്ക്, കെ-ടെറ്റ് പാസായ തീയതി മുതൽ സർവീസ് പ്രാബല്യം നിശ്ചയിക്കുന്നത് കെ.എസ്.ആർ. പാർട്ട് II ചട്ടങ്ങൾക്ക് വിരുദ്ധമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതുമൂലം അദ്ധ്യാപകരുടെ മുൻകാല സർവീസും സർവീസ് ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

മറുപടി: കെ-ടെറ്റ് മായി ബന്ധപ്പെട്ട് 01.09.2025 ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം അധ്യാപകരുടെ നിയമനം, പ്രൊമോഷൻ എന്നിവയ്ക്ക് കെ-ടെറ്റ് നിർബന്ധ യോഗ്യതയാണ്. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ ബഹു.സുപ്രീം കോടതി വിധിയുടെ അന്തസത്ത ഉൾക്കൊണ്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യതാ നിബന്ധന നടപ്പിലാക്കുമ്പോൾ 2025-ന് മുൻപ് സർക്കാർ മാനദണ്ഡപ്രകാരം യോഗ്യത നേടിയിട്ടുള്ള അധ്യാപകരുടെ നിയമനം റദ്ദ് ചെയ്യപ്പെടാതിരിക്കുന്നതിനും സർവീസ് റെഗുലറൈസേഷനും സർവീസ് ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രത്യേക ഉത്തരവോ മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിക്കുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി: ബഹു.സുപ്രീം കോടതി വിധിയുടെ അന്തസത്ത ഉൾക്കൊണ്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ